നമ്മുടെ കർത്താവിന്റെ ഉയിർപ്പ് പെരുന്നാൾ ആശംസകൾ നേരുന്നതിൽ അനൽപമായ സന്തോഷം ഉണ്ട്. ഉയിർപ്പ് കാലം (ക്യംതാ) ആരംഭിക്കുകയാണ്. ഈ നാളുകളിൽ, പൗരസ്ത്യ സഭാംഗങ്ങൾ പരസ്പരം കാണുമ്പോൾ പറയുന്ന ആശംസ, 'നമ്മുടെ കർത്താവ് ഉയർത്തെഴുന്നേറ്റിരിക്കുന്നു' എന്നാണ്. 'നിശ്ചയമായും നമ്മുടെ കർത്താവ് ഉയർത്തെഴുന്നേറ്റിരിക്കുന്നു' എന്നാണ് പ്രതിവചനം. ഉയിർപ്പ് കാലത്തു മാത്രമല്ല, എന്നും എല്ലാവർക്കും ഇത് ആശംസിക്കുവാനുള്ള ലജ്ജയില്ലായ്മ നമുക്കുണ്ടായിരുന്നു എന്നാശിക്കുകയാണ്. യേശുക്രിസ്തുവിന്റെ ഉയിർപ്പിനോളം വലിയ കാര്യം മാനവരാശിക്കു വേറെയൊന്നും ഇല്ലല്ലോ. നമുക്ക് കർത്താവിന്റെ ഉയിർപ്പ് ഒരു പുരാണ കഥയുടെ ഭാഗം അല്ല, മറിച്ച് ഒരു യാഥാർത്ഥ്യം ആണ്. ഓരോ മനുഷ്യനും അതുമായി ആഴമായ ബന്ധമുണ്ട്. ആദ്യനൂറ്റാണ്ടിൽ തന്നെ ക്രിസ്തുവിന്റെ ഉയിർപ്പിനെ അംഗീകരിക്കാത്തവർ ഉണ്ടായിരുന്നു. പരിശുദ്ധനായ പൗലോസ്ശ്ലീഹാ അത്തരം എതിർപ്പുകളെ അതിശക്തമായി നേരിടുകയും യാഥാർത്ഥ്യം യുക്തിഭദ്രമായി വ്യക്തമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു."ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാക്കുന്നു" 1 കൊരിന്ത്യർ 15:14.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റത് കൊണ്ട് മനാവരാശിക്കെന്ത് പ്രയോജനം? ന്യായമായ ചോദ്യമാണത്. ഉയിർപ്പിന്റെ വേദശാസ്ത്രം എഴുതി വായനാസുഖം കളയുവാൻ ശ്രമിക്കുന്നില്ല. നിഗൂഢത നിറഞ്ഞതും മനുഷ്യനു മനോവൈഷമ്യം സൃഷ്ടിക്കുന്നതുമായ വേദശാസ്ത്ര വിശകലനങ്ങൾ മനുഷ്യനു എന്തെങ്കിലും ആശ്വാസം കാര്യമായി നൽകിയിട്ടുണ്ട് എന്നറിയില്ല. ലളിതമായി പറയട്ടെ, ഒരിക്കൽ ഒരു കൊച്ചുപെൺകുട്ടി ഗ്രാമത്തിലെ ഇടുങ്ങിയ ഒറ്റയടി പാതയിലൂടെ നടന്നുവരികയാണ്. എതിർ ദിശയിൽ നിന്നും ഒരു മനുഷ്യൻ നടന്നുവരുന്നു. അവൾ ഭയന്നു വിറച്ചുപോയി. തന്നിൽ തുളച്ചു കയറുന്ന നോട്ടം. അടുത്തെങ്ങും സഹായത്തിനാരെയും കാണുന്നില്ല. പെട്ടെന്ന് തന്റെ രക്ഷകനായ യേശുവിനെ വിളിച്ചു പ്രാർത്ഥിച്ചു; 'യേശുവേ! രക്ഷകാ! സഹായിക്കണെ...' അവൾ വീട്ടിലെത്തി. സന്ധ്യാവാർത്തയിൽ ഒരു പെൺകുട്ടിയെ പീഡിപ്പിച്ച് ക്രൂരമായി കൊന്ന കൊലപാതകിയെ പോലീസ് പിടികൂടിയെന്നും, ചോദ്യം ചെയ്യലിൽ അയാൾ പറഞ്ഞകാര്യങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. സംഭവത്തിനു മുൻപ് മറ്റൊരു പെൺകുട്ടി കടന്നുപോയിയെന്നും അവളെ പീഡിപ്പിക്കുകയായിരുന്നു ആദ്യലക്ഷ്യമെന്നും അയാൾ പറഞ്ഞു. എന്നാൽ പെട്ടന്നൊരാൾ അവളെ സംരക്ഷിക്കാനെത്തിയതിനാൽ അവളെ ഒഴിവാക്കുകയായിരുന്നു എന്നും അയാൾ മൊഴി നൽകി. ആ പെൺകുട്ടി വികാരഭരിതയായി പൊട്ടിക്കരഞ്ഞുപോയി. അയാൾ പറഞ്ഞ സ്ഥലവും സമയവും പരിശോധിച്ചപ്പോൾ അതു താൻ തന്നെയായിരുന്നു എന്നവൾക്ക് മനസ്സിലായി. തന്നോടൊപ്പം നടന്നത് തന്റെ രക്ഷകനായ യേശുവാണെന്ന് അവൾക്ക് തിരിച്ചറിഞ്ഞു. അവൾ യേശുവിന് നന്ദി പറഞ്ഞു. ക്രിസ്തുവിനു പൂർണ്ണമായി തന്നെ സമർപ്പിച്ചു.

എന്തേ ഈ പെൺകുട്ടിയെ രക്ഷിച്ച ക്രിസ്തു മറ്റെ പെൺകുട്ടിയെ സഹായിക്കാതിരുന്നത്? എന്ന സമർത്ഥമായ ചോദ്യം ചോദിച്ചേക്കാം. ഉത്തരം നൽകി തൃപ്തിപ്പെടുത്തുവാൻ എന്റെ ബലഹീന ബുദ്ധിയിൽ ഒന്നും ലഭിക്കുന്നില്ല. ക്രിസ്തുവുനോടൊപ്പം ക്രൂശീകരിക്കപ്പെട്ട രണ്ട് കള്ളൻമാരിൽ ഒരുത്തന് പറുദീസാ വാഗ്ദാനം ചെയ്തതായും മറ്റവന് നല്കിയതായി കാണുന്നുമില്ല എന്ന 'വരട്ടുവാദം' നിരത്താനെ എനിക്കു കഴിയുന്നുള്ളു. വിശ്വാസത്തിനു മുൻപിൽ യുക്തിയും ബുദ്ധിയും ബലഹീനമായ പോകുന്നതായി അറിയുന്നു. ദൈവത്തിന്റെ നീതിയോട് മനസ്സിൽ വളരെ കലഹമുണ്ട്. നീതികെട്ട എന്റെ നീതീകരണവും കലഹവും ഒരു വൈരുദ്ധ്യം തന്നെ.

മരണം നമ്മിൽ നിന്നും ഒരു മനുഷ്യനെ ഇല്ലാതാക്കുന്നു. എന്നാൽ ഉയർത്തെഴുന്നേറ്റ ക്രിസ്തു മരണത്തിന്റെ പ്രസക്തി ഇല്ലാതാക്കുന്നു. മരിച്ചാലും ജീവിക്കുക എന്ന അത്ഭുത പ്രതിഭാസം. മരിച്ച ശരീരം കബറിൽ അടക്കം ചെയ്തിട്ടും കബറിൽ ജീവന്റെ വിസ്ഫോടനം. ക്രിസ്തു സജീവനായി ശക്തനായി ജീവിക്കുന്നു എന്നത് മാനവരാശിക്കു പ്രത്യാശയും, വിശ്വാസവും നൽകുന്നു. തളർന്നു പോകുന്ന മനുഷ്യന് തലചായിച്ചുറങ്ങുവാൻ ദൃഡമായ ഒരു നെഞ്ചകം ഉണ്ട് എന്നത് എത്ര നല്ല സംഗതിയാണ്.

സമീപ സമയത്ത് ഹൃദയത്തെ അലിയിച്ച, സ്നേഹത്തിന്റെ കുത്തൊഴുക്ക് കണ്ട് കണ്ണുകളിൽ കണ്ണീരിന്റെ നനവ് ചാലിച്ച ഒരു സംഗീത ആൽബം ഉണ്ട്. നിർമ്മല സ്നേഹം അനർഗളം നിർഗളിക്കുന്ന കാഴ്ചകൾ, കഠിനമായ വേദന ഉളവാക്കുന്ന സന്ദർഭങ്ങളെക്കാൾ വികാരവിക്ഷോഭം സംജാതമാക്കും. ഈ സംഗീതത്തിന്റെ രചയിതാവും ഗായകനും ആരെന്നറിയില്ല, ഗാനത്തിന്റെ ആദ്യവരികളിതാണ്;

" ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
ഞാൻ നിന്നെ രക്ഷിച്ച ദൈവം
ഞാൻ നിന്റെ പാതയിൽ എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം"

ഈ സംഗീതത്തിന് പശ്ചാത്തലമായി നൽകിയിരിക്കുന്ന കാഴ്ചകളുടെ പ്രമേയമാണ് ഏറെ സ്പർശിച്ചത്. കളിസ്ഥലത്ത് കളിക്കിടെ വീഴുന്ന പൈതലിനെ ആദൃശ്യനായിട്ടെത്തുന്ന ക്രിസ്തു വാരിപ്പുണർന്ന് മുത്തം നൽകുന്നു; വലിയ പ്രൊഫഷണൽസ് ജോലിത്തിരക്കിലായിരിക്കുന്ന ഓഫീസിൽ ആരും ശ്രദ്ധിക്കാതെ ജോലിചെയ്യുന്ന തൂപ്പുകാരിയെ നോക്കി പുഞ്ചിരിക്കുകയും, പുറകെ നടന്ന് സ്നേഹ സംഭാഷണത്തിലേർപ്പെട്ട് അവളുടെ മുഖത്ത് ചിരി വിടർത്തുന്ന ക്രിസ്തു; തെരുവിൽ ചപ്പുചവറുകൾ ശേഖരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കൊപ്പം വൃത്തികെട്ട മുൻസിപ്പാലിറ്റി വാഹനത്തിൽ അവരോടൊപ്പം ചാടിക്കയറി യാത്രചെയ്തു ജോലിയിൽ സഹായിക്കുന്ന ക്രിസ്തുവും, പ്രത്യാശ നഷ്ടപ്പെട്ട്, ആത്മഹത്യാ മുനമ്പിൽ നിന്നും ചാടി മരിക്കുവാൻ കരഞ്ഞു വിതുമ്പി നിൽക്കുന്ന യുവതിയുടെ ചെവികളിൽ സ്നേഹമൊഴി ഒഴുക്കി ധൈര്യപ്പെടുത്തി പൊട്ടിച്ചിരിപ്പിക്കുകയും, ജീവിക്കുന്നതിനു പ്രത്യാശ നൽകുകയും ചെയ്യുന്ന ക്രിസ്തു കൂടുതൽ സ്വീകാര്യനാണ്. പ്രസവ വേദനയിൽ പുളയുന്ന സ്ത്രീയുടെ അരികിലെത്തി തലയിൽ തലോടി ആശ്വാസം പകരുകയും ശിശുവിനെ അവളുടെ നെഞ്ചിൽ കിടത്തി കൊട്ടിയുറക്കുകയും അമ്മയേയും കുഞ്ഞിനേയും പിതൃസഹജമായ സ്നേഹത്തിൽ വാരിപ്പുണരുന്ന ക്രിസ്തു ഉയിർപ്പിന്റെ പുണ്യമാണ്. ക്രിസ്തു ഒരു ആരാധനാ വസ്തു അല്ലെങ്കിൽ ഒരു ബിംബം എന്നതിനപ്പുറം മറ്റെന്തൊക്കെയോ ആണ്. അതിനാണ് മലകളും താഴ്വരകളും, തെരുവുകളും ഗ്രാമങ്ങളും വഴി ക്രിസ്തു അലഞ്ഞത്. തന്നെത്തേടി വരുവാൻ പർണ്ണശാല കെട്ടി ക്രിസ്തു കാത്തിരുന്നില്ല. ആശ്രമം പണിത്, 'ഗസ്റ്റ് റൂം' കെട്ടിയില്ല. തേടി അലയുകയായിരുന്നു. എവിടെ വേദനയുണ്ടോ അവിടെ ക്രിസ്തു ഉണ്ട്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പം ന്യായം വിധിക്കുവാൻ, കാത്തിരിക്കുന്നു എന്ന 'മാറ്റമില്ലാത്ത വേദശാസ്ത്ര'ത്തെക്കാളും, എത്രയോ ഹൃദയഹാരിയാണ് നമ്മോടൊപ്പം ഏത വസ്ഥയിലും വസിക്കുന്ന ക്രിസ്തു. ക്രിസ്തു നമ്മളോടു കൂടെ. ഭയപ്പെടേണ്ടാ... അവൻ കൂടെയുണ്ട്....

സ്നേഹപൂർവ്വം

ബിജു പി. തോമസ്സ് അച്ചൻ